പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4407 — 19.10.2011-ൽ മറുപടിയ്ക്ക്

## പ്രൊട്ടക്റ്റഡ് കൾട്ടിവേഷൻ

| *ചോദ്യം* | | *മറുപടി* |
|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | | **ശ്രീ. കെ.പി. മോഹനൻ** (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) പച്ചക്കറി ഉൽപാദനരംഗത്തേക്ക് കൂടുതൽ കർഷകരെ ആകർഷിക്കുന്നതിന് നൂതന പദ്ധതികൾക്ക് രൂപം നൽകുമോ ; | (എ) | കൃഷി വകുപ്പു മുഖേന പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയും ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായ പച്ചക്കറി വികസന പദ്ധതിയും നൂറ് ദിന പരിപാടിയുടെ ഭാഗമായി പച്ചക്കറി വിത്തു കിറ്റു വിതരണ പദ്ധതിയും നിലവിൽ നടപ്പിലാക്കി വരുന്നു. |
| (ബി) ഇതിന്റെ ഭാഗമായി ഏതു കാലാവസ്ഥയിലും പച്ചക്കറി കൃഷി ചെയ്യാൻ ഉതകുന്ന വിധം 'പ്രൊട്ടക്റ്റഡ് കൾട്ടിവേഷൻ' രീതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) & (സി) | സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ 2011-12-ലെ വാർഷിക കർമ്മ പദ്ധതി പ്രകാരം പച്ചക്കറിയുടെ നടീൽ വസ്തുക്കളുടെ ചെലവടക്കം പോളീഹൗസ്/തണൽ വലകൾ നിർമ്മിക്കുന്നതിന് ചതുരശ്രമീറ്ററിന് 52.5 രൂപ നിരക്കിൽ 500m$^2$-ന് 26300 രൂപയുടെ സാമ്പത്തിക സഹായത്തിന് ദേശീയ ഹോർട്ടിക്കൾച്ചർ മിഷനിൽ നിന്നും അനുമതിലഭിക്കുയുണ്ടായി. പ്രസ്തുത പദ്ധതി നടത്തിപ്പിനായി ജില്ലകൾക്ക് നൽകിയിട്ടുണ്ട്. സംരക്ഷിത കൃഷി സാങ്കേതിക വിദ്യ ഉപയോഗിച്ച് പച്ചകറികളും കട്ട്ഫ്ളവറും കൃഷി ചെയ്യുന്നതിന് 6.1505 കോടി രൂപയുടെ പദ്ധതി RKVY-ൽ സാമ്പത്തിക സഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (സി) പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ ; പദ്ധതിക്ക് കേന്ദ്ര സഹായം ലഭ്യമാകുമോ ; | | |

ടൂബിലാർ സ്ട്രച്ചറിലുള്ള ഗ്രീൻ ഹൗസ് നിർമ്മാണം, കമ്മ്യൂണിറ്റി നഴ്സറി സ്ഥാപിക്കൽ, മാനവവിഭവശേഷി വികസനം എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ ഘടകങ്ങൾ. ടൂബിലാർ സ്ട്രച്ചറിലുള്ള ഗ്രീൻഹൗസ് നിർമ്മിക്കുന്നതിന് ചതുരശ്രമീറ്ററിന് 467.5 രൂപ നിരക്കിൽ ഒരു ലക്ഷം ചതുരശ്രമീറ്ററിന് 4.675 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 20 യൂണിറ്റ് കമ്മ്യൂണിറ്റി നഴ്സറി സ്ഥാപിക്കുന്നതിന് 4 ലക്ഷം രൂപ നിരക്കിൽ 80 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സംരക്ഷിത കൃഷിയുടെ സാങ്കേതിക വിദ്യയെ കുറിച്ച് കർഷകർക്കും ഫീൽഡ് തല ഉദ്യോഗസ്ഥർക്കും ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതിന് മാനവവിഭവശേഷി വികസനത്തിൽ ഉൾപ്പെടുത്തി 67.55 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയ്ക്ക് അനുമതി ലഭിക്കുന്ന [illegible]

(ഡി) പദ്ധതിയുടെ ഭാഗമായി താനൂർ നിയോജകമണ്ഡലത്തിൽ എന്തൊക്കെ പ്രവർത്തികൾക്ക് രൂപം നൽകും ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

(ഡി) താനൂർ നിയോജകമണ്ഡലത്തിൽ നിന്നും സംരക്ഷിത കൃഷിയെ ആസ്പദമാക്കി ലഭിക്കുന്ന പദ്ധതികൾക്ക് ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ നിബന്ധനകൾക്ക് വിധേയമായി സാമ്പത്തിക സഹായം നൽകാവുന്നതാണ്.